©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ഡിസംബർ 03<br>03rd December 2019<br>1195 വൃശ്ചികം 17<br>17th Vrishchikam 1195<br>1941 അഗ്രഹായനം 12<br>12th Agrahayana 1941 | നമ്പർ<br>No. | 2958 |

**GOVERNMENT OF KERALA**

**REVENUE (B) DEPARTMENT**

**NOTIFICATION**

G.O.(P)No. 84/2019/RD — Dated, 30/11/2019
Thiruvananthapuram,

**എസ്. ആർ. ഒ. നമ്പർ 944/2019**

WHEREAS, the Government of Kerala have as per notification No. G.O(P) No 649/2015/RD dated 4/12/2015 appointed the Special Tahsildar, LA(General), Tirur to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

AND WHEREAS, the Government hereby appoint Deputy Collector (LA), Malappuram as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, it appears to the Government that the land specified in the Schedule below is needed or is likely to be needed for public purpose to wit for the construction of Tanur C.H.M.K.M Government Arts & Science College in Malappuram District.

NOW, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provision of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

All persons interested in the said land are accordingly required to lodge before the Special Tahsildar (LA), General, Tirur within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections if any, regarding the updation of land records or title in respect of the land proposed for acquisition. Any objections/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is given below, which is available in the official website https://malappuram.nic.in

04.12.2015-ലെ സ.ഉ.(അച്ചടി)649/2015/ആർ.ഡി നമ്പർ വിജ്ഞാപനം പ്രകാരം സ്പെഷ്യൽ തഹസിൽദാർ, എൽ.എ(ജനറൽ), തിരൂർ നെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013-ലെ വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിക്രമപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും ;

ആയതിൻപ്രകാരം മലപ്പുറം എൽ.എ ഡെപ്യൂട്ടി കളക്ടറെ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും;

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത്, താനൂർ സി.എച്ച്.എം.കെ.എം ഗവ ആർട്സ് ആന്റ് സയൻസ് കോളേജ് നിർമ്മാണത്തിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും ;

ആയതുകൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താല്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം 15 ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൊന്നുംവിലയ്ക്ക് എടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖാമൂലമുള്ള പ്രസ്താവന സ്പെഷ്യൽ തഹസിൽദാർ, എൽ.എ(ജനറൽ), തിരൂർ മുമ്പകെ എഴുതി നൽകേണ്ടതാണ്. നിശ്ചിത സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതോ ആക്ഷേപകന് ഭൂമിയിലുള്ള താല്പര്യം വ്യക്തമായി പ്രതിപാദിക്കാത്തതോ ആയ ആക്ഷേപങ്ങളോ പ്രസ്താവനകളോ മൊത്തത്തിൽ നിരസിക്കപ്പെടുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ https;//malappuram.nic.in/ ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക**

**(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)**

**ജില്ല : മലപ്പുറം**
**താലൂക്ക് : തിരൂർ**
**വില്ലേജ് : ഒഴൂർ**
**എല്ലാ വസ്തുക്കളും ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടുന്നു**

| ക്രമ നമ്പർ | സർവെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) | ഏത് പൊതു ആവശ്യത്തിന് എന്ന് | ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം | കൈവശക്കാരന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 152/4 | തോട്ടം | 2.21 | മലപ്പുറം ജില്ലയിൽ താനൂർ സി.എച്ച്.എം.കെ.എം ഗവണ്മെന്റ് ആർട്ട്സ് & സയൻസ് കോളെജ് നിർമ്മാണം. | പദ്ധതിപ്രദേശത്ത് വീട് നില നിൽക്കുന്നു എങ്കിലും ഭൂവുടമയല്ല താമസിച്ചുവരുന്നത്. നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി പുനരധിവാസം ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്. | ശ്രീ. എൻ.വി വിശ്വനാഥൻ മലേഷ്യൻ പാസ്പോർട്ട് നമ്പർ A 40284393 മലേഷ്യൻ IC No 390328085623 |

<u>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം</u>

നിർദ്ദിഷ്ട പദ്ധതിക്കായി മലപ്പുറം ജില്ലയിലെ ഒഴൂർ വില്ലേജിൽ നിന്നും 2.21 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. ജനാർദ്ദന മേനോന്റേയും അദ്ദേഹത്തിന്റെ മൂന്ന് സഹോദരിമാരുടേയും (നാരായണിക്കുട്ടിയമ്മ, രുഗ്മിണിയമ്മ, സുഭദ്ര) പേരിൽ 1982 -ൽ ഈ ഭൂമി രജിസ്റ്റർ ചെയ്തു. ഇപ്പോൾ ഈ സ്ഥലത്തിന്റെ കാര്യസ്ഥൻ സൈതലവിയും അദ്ദേഹത്തിന്റെ കുടുംബവുമാണ് ഇവിടെ താമസമുള്ളത്. സ്ഥലത്തു ഇപ്പോൾ താമസിക്കുന്നവരും പൊതുഹിത പരിശോധനയിൽ പങ്കെടുത്തവരും നിർദ്ദിഷ്ട പദ്ധതിയെ അനുകൂലിക്കുന്നു. നഷ്ടപ്പെടുന്ന വീടിനും വസ്തുവിനുമുള്ള നഷ്ടപരിഹാരവും, പുന:സ്ഥാപനവും ആവശ്യപ്പെടുകയുണ്ടായി.

പദ്ധതിപ്രദേശത്തെ സ്ഥലത്തിനും വസ്തുക്കൾക്കും ന്യായമായ നഷ്ടപരിഹാരം, കൃത്യസമയത്തുതന്നെ നഷ്ടപരിഹാരം നല്കൽ, പരാതി പരിഹാര സംവിധാനം സ്ഥാപിക്കൽ, നിലവിലെ ഭവനത്തിൽ നിന്നും വസ്തുക്കൾ മാറ്റുന്നതിനുള്ള പിന്തുണാ സേവനങ്ങൾ, പുനരധിവാസ നടപടി കാലയളവിലെ താമസ സൗകര്യം എന്നിവ സ്ഥലം ഏറ്റെടുക്കുന്നതിലൂടെ ജനങ്ങൾ നേരിടാൻ സാധ്യതയുള്ള ആഘാതം കുറക്കുന്നതിനുള്ള പരിഹാര നടപടികൾ ആയി നിർദ്ദേശിക്കപ്പെട്ടു. പദ്ധതി പ്രദേശത്തെ ജനവിഭാഗത്തിന് നിർദ്ദിഷ്ട പദ്ധതിയുടെ കീഴിൽ തൊഴിൽ അവസരങ്ങൾ നല്കുക, തൊഴിലധിഷ്ഠിത നൈപുണ്യത്തിന് ആവശ്യമുള്ള പരിശീലനം നല്കുക, പുനരധിവാസത്തിനുള്ള സ്ഥലം ഇപ്പോഴത്തെ സ്ഥലത്തിന് കഴിയുന്നതും അടുത്ത് തന്നെ നല്കുക എന്നീ മാർഗ്ഗങ്ങൾ സ്ഥലം മാറ്റത്തിന്റെ ആഘാതം ഒരു പരിധി വരെ കുറക്കാൻ സഹായിക്കും. ഒരു വിശ്വസനീയമായ എൻ.ജി.ഒ യുടെ പിന്തുണാ സേവനങ്ങൾ നല്കുന്നത് സ്ഥലം മാറ്റുന്നതിന്റെ മാനസികവും സാമൂഹികവുമായ കഷ്ടപ്പാടുകളെ ലഘൂകരിക്കുന്നതിനു സഹായിക്കും.

By order of the Governor,

വേണു വി

പ്രിൻസിപ്പൽ സെക്രട്ടറി

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്)

ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീ ഹാബിലിറ്റേഷൻ & റീ സെറ്റിൽമെന്റ് ചട്ടങ്ങൾ 19.09.15-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും, പ്രസ്തുത ചട്ടത്തിലെ റൂൾ 18 പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഗ്രാമീണ നഗര പ്രദേശങ്ങളായി തരം തിരിച്ച് വിശദവിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ ആവശ്യം കൈവരിക്കാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.12.03 05:17:14 +05:30